*Private circulation only*

IRTC Newsletter

# ഐ.ആർ.ടി.സി ന്യൂസ് ലെറ്റർ

*Science for social revolution*

2017 ജനുവരി - മാർച്ച് ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ www.irtc.org.in mail@irtc.org.in

## സോളാർ പവർ സിസ്റ്റം ഉദ്ഘാടനം ചെയ്തു

ഐ.ആർ.ടി.സിയുടെ സാങ്കേതിക സഹായത്തോടെ പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽ സ്ഥാപിച്ച സോളാർ പവർ സിസ്റ്റം ലോക്സഭാ എം.പി ശ്രീ.എം.ബി.രാജേഷ് ഉദ്ഘാടനം ചെയ്തു. കേരളത്തിലെ ഊർജ ഉപഭോഗരംഗത്ത് മികച്ച മാതൃക തീർത്താണ് ജില്ലാ സഹകരണ ബാങ്ക് മുന്നോട്ടു പോകുന്നതെന്ന് എം.പി അഭിപ്രായപ്പെട്ടു. ഒരു ശാസ്ത്രസാങ്കേതിക സ്ഥാപനമെന്ന നിലയിൽ ഐ.ആർ.ടി.സിയുടെ ഊർജരംഗത്തെ ഇടപെടലുകളും ഏറെ അഭിനന്ദനാർഹമാണെന്ന് അദ്ദേഹം പറഞ്ഞു. പദ്ധതിനിർവഹണ റിപ്പോർട്ട് ഐ.ആർ.ടി.സി റിസർച്ച് കോർഡിനേറ്റർ കൂടിയായ പ്രൊഫ. ബി.എം.മുസ്തഫ അവതരിപ്പിച്ചു.

പദ്ധതി പൂർത്തീകരിച്ചതോടെ പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ആദ്യത്തെ ബാങ്കെന്ന ഖ്യാതി സ്വന്തമാക്കാനും പാലക്കാട് ജില്ലാ സഹകരണ ബാങ്കിനായി.

40 കിലോവാട്ടിന്റെ വൈദ്യുതി ഉൽപാദന ശേഷിയുള്ള പ്ലാന്റാണ് ബാങ്ക് കെട്ടിടത്തിന്റെ മുകളിലെ 4000 ചതുരശ്ര അടി സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ളത്. ഇതോടെ 125 സോളാർ പാനലുകളിൽ നിന്ന് 160 യൂണിറ്റ് വൈദ്യുതി കെ.എസ്.ഇ.ബി ഗ്രിഡിലേക്ക് പ്രവഹിച്ചു തുടങ്ങി.

സൗരോർജത്തിൽ പാലക്കാട് ജില്ലാ സഹകരണബാങ്ക്



തീരമൈത്രി: നവാഗതർക്കായി ത്രിദിന പരിശീലനം



ശില്പശാല: ചക്കയിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ



സമത ഉൽപന്നങ്ങൾ ഇനി വീടുകളിലേക്ക്




അന്താരാഷ്ട്ര പയറുവർഷാചരണം ദേശീയ ശാസ്ത്രദിനാചരണം




ദേശീയ ശാസ്ത്രദിനാചരണം






എം.ബി.രാജേഷ് എം.പി ഉദ്ഘാടനം ചെയ്യുന്നു



ബാങ്ക് കെട്ടിടത്തിനു മുകളിൽ സ്ഥാപിച്ച സോളാർ പാനലുകൾ

## നാം വികസിപ്പിച്ച സാങ്കേതികവിദ്യകൾക്ക് പ്രസക്തി ഏറെയാണ്


ഐ.ആർ.ടി.സി വികസിപ്പിച്ചെടുത്തിട്ടുള്ള ലളിതവും ചിലവ് ഏറെ കുറഞ്ഞതുമായ സാങ്കേതികവിദ്യകൾ, കേരളത്തിനു മാത്രമല്ല, ലോകത്തിലെ മറ്റു പല രാജ്യങ്ങളിലേക്കും ജനങ്ങൾക്കും ആവശ്യമുള്ളവയാണെന്ന് നേരിട്ട് ബോധ്യപ്പെടുന്നതിന് ഒരവസരം എനിക്ക് ലഭിച്ചു. ഫെബ്രുവരി മാസം 12 മുതൽ 21 വരെ മലേഷ്യയിലെ ക്വാലാലംബൂരിൽ വെച്ചു നടന്ന *Collaborative Training Programme on Rural Technology* യിൽ സാങ്കേതികവിദ്യാ കൈമാറ്റത്തിൽ *ഐ.ആർ.ടി.സിയുടെ രീതികൾ* എന്ന വിഷയത്തിൽ ഒരു പ്രസന്റേഷൻ നടത്തിയിരുന്നു. പ്രസന്റേഷനു ശേഷം ഏറ്റവും കൂടുതൽ ചോദ്യങ്ങളും വിശദീകരണങ്ങളും അന്വേഷണങ്ങളും ഉണ്ടായത് ചൂടാറാപ്പെട്ടിയെക്കുറിച്ചും പരിഷത്ത് അടുപ്പിനെക്കുറിച്ചും ആയിരുന്നു. അതിനു കാരണമുണ്ട്. പരിശീലനത്തിൽ പങ്കെടുത്തവരെല്ലാം തന്നെ അരി മുഖ്യ ആഹാരമായി ഉപയോഗിക്കുന്ന രാജ്യങ്ങളിൽ നിന്നുള്ളവരായിരുന്നു. അഫ്ഗാനിസ്ഥാൻ, നേപ്പാൾ, ഇന്ത്യ, മ്യാൻമർ, ശ്രീലങ്ക, മലേഷ്യ, ഇന്തോനേഷ്യ, ഫിലിപ്പൈൻസ്, വിയറ്റ്നാം, ബംഗ്ലാദേശ്, തായ്‌ലന്റ് എന്നിവിടങ്ങളിലെ കൃഷി, ഗ്രാമവികസന ചുമതലയുള്ള ഉദ്യോഗസ്ഥരായിരുന്നു. ചൂടാറാപ്പെട്ടിയുടെ തുച്ഛമായ വിലയും (ഡോളർ കണക്കിൽ) അതുവഴി ലാഭിക്കാൻ കഴിയുന്ന ഇന്ധനത്തിന്റെ അളവും അവർക്ക് പുതിയ തിരിച്ചറിവായി. ഇതിനു പുറമെ, മാലിന്യസംസ്കരണം, കളിമൺപാത്ര നിർമാണം എന്നിവയ്ക്കായി രൂപപ്പെടുത്തിയ സാങ്കേതികവിദ്യകളും ചർച്ച ചെയ്തു. പരിഷത്ത് സംഘടനാ പ്രവർത്തനവും പുതിയ അറിവായിരുന്നു.

ഏതു രാജ്യത്തും നഗരകേന്ദ്രീകൃതമായ വികസനങ്ങൾക്കപ്പുറം സാധാരണക്കാരന്റെ പ്രശ്നപരിഹാരത്തിനായി ശാസ്ത്രത്തിന്റെയും അനുയോജ്യമായ സാങ്കേതികവിദ്യകളുടെയും സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുക എന്നത് ലോകത്തിനു മുന്നിലുള്ള പ്രധാന വെല്ലുവിളി തന്നെയാണ്. ഇന്നുള്ള സാങ്കേതികവിദ്യാ വികസനത്തിന്റെ മുൻഗണനകളിൽ കാതലായ മാറ്റം ഇതിനാവശ്യമാണ്. ഐ.ആർ.ടി.സി പോലുള്ള സ്ഥാപനങ്ങളുടെ പ്രസക്തി ഏറെയാണ്. വിവരവിനിമയരംഗത്തു വന്ന മാറ്റങ്ങൾ ഇത്തരം അറിവിന്റെ വ്യാപനത്തിന് ഏറെ സഹായകമാണെങ്കിലും ആ നിലയ്ക്കുള്ള ശ്രമങ്ങൾ നമ്മളും നടത്തുന്നില്ല എന്നത് വസ്തുതയാണ്. ഊർജസംരക്ഷണം, മാലിന്യസംസ്കരണം, വിഷരഹിത ഭക്ഷണം, ഭക്ഷ്യസംസ്കരണം, ജലസംരക്ഷണം എന്നിവ പുതിയ ഉപജീവനമാർഗ്ഗം കൂടിയാണ്. ഇതെല്ലാം ലോകത്തെവിടെയും സാധാരണജനങ്ങളുടെ പ്രശ്നങ്ങൾ തന്നെയാണ്. ഇത്തരം അറിവുകളുടെയും അനുഭവങ്ങളുടെയും പങ്കുവെയ്ക്കൽ ഏറെ അനിവാര്യമാണ്. അവ ഏറെ പ്രസക്തമാണ്.

**ഡോ. എൻ.കെ.ശശിധരൻപിള്ള**
**ഡയറക്ടർ**

## മാലിന്യപരിപാലനവും കമ്പോസ്റ്റ് നിർമാണവും

ഐ.ആർ.ടി.സി സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഡിവിഷന്റെ നേതൃത്വത്തിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ, മണ്ണിരക്കമ്പോസ്റ്റ് നിർമാണം എന്നിവയ്ക്കുള്ള പരിശീലന പരിപാടി മാർച്ച് 13 ന് കാമ്പസിൽ വെച്ച് നടന്നു. പാലക്കാട്, തൃശൂർ, മലപ്പുറം എന്നീ ജില്ലകളിൽ നിന്നെത്തിയവരാണ് പരിശീലനത്തിൽ പങ്കെടുത്തത്. ശാസ്ത്രീയമായ മാലിന്യ പരിപാലനത്തിന്റെ ആവശ്യകതയും കൃഷിവികസനവും വിശദീകരിക്കുന്ന വിവിധ ക്ലാസ്സുകളും പ്രായോഗിക പരിശീലനവും നടന്നു. സുസ്മിത, പ്രൊഫ.ബി.എം.മുസ്തഫ, വി.ജി.ഗോപിനാഥൻ, രാഹുൽ, രാമചന്ദ്രൻ എന്നിവർ ക്ലാസുകൾ നയിച്ചു.




A Research and Development institution supported by DST, Govt of India and KSCSTE, Govt. of Kerala
**Supporting Students and Innovators since the 80's**

**സന്ദർശിക്കുക**

www.irtc.org.in www.kssp.in www.luca.co.in

## ചക്കയിൽ നിന്ന് മൂല്യവർദ്ധിത ഉൽപന്നങ്ങൾ; ക്ലാസും പ്രായോഗിക പരിശീലനവും

കേരളത്തിന്റെ തനതു പ്രകൃതിവിഭവമായ ചക്കയിൽ നിന്നും വ്യത്യസ്ത മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിനുള്ള ക്ലാസും പ്രായോഗിക പരിശീലന പരിപാടിയും മാർച്ച് 3 ന് ഐ.ആർ.ടി.സി ഓഡിറ്റോറിയത്തിൽ വെച്ച് നടത്തി. പാലക്കാട് ജില്ലാ പഞ്ചായത്ത് ഉപാദ്ധ്യക്ഷൻ ശ്രീ.ടി.കെ.നാരായണദാസ് ഐ.ആർ.ടി.സി അങ്കണത്തിൽ പ്ലാവിൻ തൈ നട്ടുകൊണ്ട് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. ഐ.ആർ.ടി.സി രജിസ്ട്രാർ ശ്രീ.പി.കെ.നാരായണൻ അദ്ധ്യക്ഷത വഹിച്ചു. ഡോ.എം.ലളിതാംബിക സ്വാഗതം പറഞ്ഞു.




ജില്ലാ പഞ്ചായത്ത് ഉപാദ്ധ്യക്ഷൻ ശ്രീ.ടി.കെ.നാരായണദാസ് ഉദ്ഘാടനം ചെയ്യുന്നു

ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ വിപണിയെക്കുറിച്ച് സി.എസ്.ആർ.ഐ സയന്റിസ്റ്റ് ഡോ. ബി.പി.നിഷ ക്ലാസെടുത്തു. ചക്കയുടെ ഔഷധഗുണവും ആരോഗ്യസംരക്ഷണവും എന്ന വിഷയത്തിൽ ശ്രീമതി.പത്മിനി ശിവദാസ് ക്ലാസെടുത്തു. ചക്ക ഉൽപന്നങ്ങളുടെ നിർമാണത്തിന് ശ്രീ.അജയും ശ്രീമതി.ഭാഗീരഥിയും നേതൃത്വം നൽകി. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെ ഐ.ആർ.ടി.സിയാണ് പരിശീലനം സംഘടിപ്പിച്ചത്. 80 പേർ പരിശീലനത്തിൽ പങ്കെടുത്തു. പരിശീലനം സൗജന്യമായിട്ടാണ് നടത്തിയത്. ശ്രീമതി.ഹിത നന്ദി പറഞ്ഞു.




ഡോ.ബി.പി.നിഷ ക്ലാസെടുക്കുന്നു




ഡോ.എം.ലളിതാംബിക സംസാരിക്കുന്നു




ശ്രീമതി.പത്മിനി ശിവദാസ് ക്ലാസെടുക്കുന്നു

## സോളാർ പവർ സിസ്റ്റം: ശിൽപശാല

സോളാർ സിസ്റ്റം സ്ഥാപിക്കുന്നതിന് സാങ്കേതിക സഹായം നൽകുന്നതിനായുള്ള ശിൽപശാല ജനുവരി 24 ന് ഗ്രാമകലയിൽ വെച്ച് നടന്നു. ICDP പാലക്കാട് മേഖലയിലെ 50 പേരാണ് ശിൽപശാലയിൽ പങ്കെടുത്തത്. അതാതു ബാങ്കുകളിൽ സോളാർ സംവിധാനമൊരുക്കാൻ വേണ്ടിയാണ് ICDP മുൻകയ്യെടുക്കുന്നത്. ഊർജ പ്രതിസന്ധിയും പരമ്പരാഗതമല്ലാത്ത ഊർജസ്രോതസ്സുകളുടെ പ്രാധാന്യവും ലക്ഷ്യം വെച്ചാണ് ശിൽപശാല നടന്നത്. വ്യത്യസ്ത സോളാർ സിസ്റ്റങ്ങളെക്കുറിച്ചും അവയുടെ ഇൻസ്റ്റല്ലേഷനെ കുറിച്ചും സോളാർ സംവിധാനത്തിന്റെ നേട്ടത്തെക്കുറിച്ചും വിവിധ സെഷനുകളിൽ അവതരണങ്ങളും പ്രായോഗിക പരിശീലനവും നടന്നു.

## മണ്ണിര കമ്പോസ്റ്റ് നിർമാണം: പരിശീലനം നടത്തി

മാലിന്യ നിർമാർജ്ജനത്തിനായി മണ്ണിര കമ്പോസ്റ്റ് നിർമിക്കുന്നതിനുള്ള പരിശീലന പരിപാടി ജനുവരി 16 ന് കാമ്പസിൽ വച്ച് നടന്നു. Solid Waste Management Division ന്റെ നേതൃത്വത്തിലാണ് പരിശീലനം നടന്നത്. പ്രൊഫ.ബി.എം.മുസ്തഫ, ജിൽഷ ജഗദീഷ്, രാഹുൽ എന്നിവർ ക്ലാസ് നയിച്ചു. പ്രായോഗിക പരിശീലനത്തിന് ഷീജ, ചിന്നൻ എന്നിവർ നേതൃത്വം നൽകി.

## ജൈവകൃഷിയും സുസ്ഥിരവികസനവും

പെരിന്തൽമണ്ണ മുനിസിപ്പാലിറ്റി കൃഷിഭവന്റെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത 45 കർഷകർക്കായി ജൈവകൃഷിയും സുസ്ഥിരവികസനവും എന്ന വിഷയത്തിൽ ക്ലാസ്സും പരിശീലനവും നൽകി. പരിപാടി ഐ.ആർ.ടി.സി സെമിനാർ ഹാളിൽ വെച്ച് ഫെബ്രുവരി 20 ന് നടന്നു. ജൈവകൃഷിയും പരിപാലനവും സംബന്ധിച്ച് അഗ്രോണമിസ്റ്റ് ഐ.എ.ചാക്കോ അവതരണം നടത്തി. സുസ്ഥിരവികസനത്തിന് നീർത്തടാധിഷ്ഠിത വികസന കാഴ്ച്ചപ്പാട് എന്ന വിഷയത്തെക്കുറിച്ച് ആർ.സതീഷ് അവതരണം നടത്തി. ശേഷം കർഷകർ കാമ്പസ് സന്ദർശിച്ചു. കേരള കാർഷികവികസന-കർഷകക്ഷേമ വകുപ്പിന്റെയും പരമ്പരാഗത് കൃഷി വികാസ് യോജനയുടെയും സഹായത്തോടെയാണ് കൃഷിഭവൻ ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചത്.

## ഐ.ആർ.ടി.സിയിൽ കൂടുതൽ സൗരോർജ പാനലുകൾ സ്ഥാപിച്ചു

250 വാട്ടിന്റെ 6 പാനലുകളിൽ നിന്ന് 1.5 കിലോ വാട്ട് വൈദ്യുതിയാണ് ഇതുവഴി ഉൽപാദിപ്പിക്കാനാകുക. ഇതോടെ പ്രധാന ഓഫിസുകളെല്ലാം തന്നെ മുഴുവൻ സമയം സൗരോർജത്തിൽ പ്രവർത്തിക്കാനാരംഭിച്ചു.

## ഐ.ആർ.ടി.സി ജനറൽബോഡി യോഗം

ഐ.ആർ.ടി.സി ജനറൽ ബോഡി യോഗം ഫെബ്രുവരി 19 ന് ഐ.ആർ.ടി.സി സെമിനാർ ഹാളിൽ വെച്ച് നടന്നു. ഐ.ആർ.ടി.സി ചെയർമാൻ ഡോ. കെ.പി അരവിന്ദൻ (കേരള ശാസ്ത്രസാഹിത്യ പരിഷത്ത് സംസ്ഥാന പ്രസിഡന്റ്), ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻ, രജിസ്ട്രാർ പി.കെ.നാരായണൻ, പരിഷത്ത് ജനറൽ സെക്രട്ടറി പി.മുരളീധരൻ, ഐ.ആർ.ടി.സിയുടെ മറ്റ് പ്രധാന അംഗങ്ങൾ, പരിഷത്ത് കേന്ദ്രനിർവാഹക സമിതി അംഗങ്ങൾ എന്നിവർ ജനറൽബോഡിയിൽ പങ്കെടുത്തു.

## POPI-PMC യോഗം

നബാർഡിന്റെ പിന്തുണയോടെ പ്രവർത്തിക്കുന്ന ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനികളുടെ യോഗം ജനുവരി 25 ന് ഐ.ആർ.ടി.സി സെമിനാർ ഹാളിൽ വെച്ച് നടന്നു. വിവിധ കമ്പനികളുടെ പ്രതിനിധികളായി 35 പേർ പങ്കെടുത്തു. നബാർഡ് ഡി.ഡി.എം ശ്രീ. രമേശ് വേണുഗോപാൽ യോഗം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ ശ്രീമതി. കെ.പി ശോഭ, ATMA പ്രൊജക്ട് ഡയറക്ടർ ശ്രീമതി. ജെസ്സി കെ.എക്സ് ശ്രീ.ഐ.എ.ചാക്കോ, സുസ്ഥിര സി.ഇ.ഒ ശ്രീമതി.ബബിത എന്നിവർ സംസാരിച്ചു

## തീരമൈത്രി: നവാഗതർക്കായി ത്രിദിന പരിശീലനം

ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ തീരമൈത്രി പ്രോജക്ടിലേക്ക് ചേർന്ന നവാഗതർക്കായുള്ള ത്രിദിന പരിശീലന പരിപാടി 2016 ഡിസംബർ 5 മുതൽ 8 വരെ ഐ.ആർ.ടി.സി സെമിനാർ ഹാളിൽ വെച്ച് നടന്നു. തീരമൈത്രിയുടെ ജില്ലാ മിഷൻ കോർഡിനേറ്റർമാരും SAF(Society for Assistance to Fisherwomen) ന്റെ മേൽനോട്ടത്തിൽ നടക്കുന്ന ഉപജീവന പരിപോഷണ പദ്ധതിയുടെ പ്രൊമോട്ടർമാരും പരിശീലനത്തിൽ പങ്കെടുത്തു.



ശ്രീമതി. സി.ആർ.സത്യവതി ഉദ്ഘാടനം ചെയ്യുന്നു

ഡിസംബർ 5ന് SAF ന്റെ എക്സിക്യുട്ടീവ് ഡയറക്ടറായ ശ്രീമതി.സി.ആർ.സത്യവതി പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. മാനേജ്മെന്റ്, സോഷ്യൽ വർക്ക്, ഇക്കണോമിക്സ്, ചരിത്രം, കൊമേഴ്സ് തുടങ്ങി വ്യത്യസ്ത വിഷയങ്ങളിൽ ബിരുദാനന്തര ബിരുദമുള്ള മികച്ച വ്യക്തികളാണ് ഇത്തവണത്തെ നിയമനത്തിലുള്ളത്. ഇത് തീരദേശമേഖലയിലെ സമഗ്രമായ ഇടപെടലിനും ആ ജനതയുടെ വികസനത്തിനും ഏറെ സഹായിക്കുമെന്ന് ഉദ്ഘാടക അഭിപ്രായപ്പെട്ടു. തീരദേശ ജനതയിൽ സംരംഭകത്വം പരിപോഷിപ്പിക്കുന്നതിലൂടെ സാമ്പത്തികമായ ഉന്നമനം സാധ്യമാകും. ഇതിനായി സാമ്പത്തികമായും സാങ്കേതികമായും സഹായമെത്തിക്കാൻ കോർഡിനേറ്റർമാർ ജാഗ്രത കാണിക്കണമെന്നും അവർ പറഞ്ഞു.





തുടർന്ന് ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻ, കേരളത്തിലെ തീരദേശ മേഖലയിലെ ജനങ്ങളനുഭവിക്കുന്ന കാതലായ പ്രശ്നങ്ങളെക്കുറിച്ചും അവരുടെ ഉപജീവനമാർഗ്ഗങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ പ്രസക്തിയെക്കുറിച്ചും അവതരണം നടത്തി. 20 പേരാണ് പരിശീലനത്തിൽ പങ്കെടുത്തത്. വിവിധ മേഖലകളിലെ വിദഗ്ധർ വ്യത്യസ്ത സെഷനുകൾ കൈകാര്യം ചെയ്തു. ഡോ.ശിവപ്രസാദ്, ഏ.കെ.മാത്യു, സജിത് സുകുമാരൻ എന്നിവർ മൂന്നു ദിവസത്തെ പരിപാടികൾക്ക് നേതൃത്വം നൽകി.

SAMATA PROUCTS
*Handmade Soaps & other toiletry products*
*Food products* *Rural handicrafts*

**Graamakala outlet**
@IRTC Jubilee Campus
Mundur



## വില്ലേജ് നീർത്തട സമിതികളുടെ യോഗം നടന്നു

പാലക്കാട് ജില്ലയിലെ വിവിധ നീർത്തടസമിതികളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായുള്ള യോഗം ജനുവരി 16 ന് ഐ.ആർ.ടി.സി ഓഡിറ്റോറിയത്തൽ വച്ച് നടന്നു. നബാർഡ് ഐ.ആർ.ടി.സിയെ RSA (Resource Support Agency) ആയി അംഗീകരിച്ച പശ്ചാത്തലത്തിലാണ് ഇത്. യോഗത്തിൽ പാലക്കാട് ഡി.ഡി.എം ശ്രീ. രമേശ് വേണുഗോപാൽ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഐ.എ.ചാക്കോ, ആർ.സതീഷ് എന്നിവർ ചർച്ചകൾക്ക് നേതൃത്വം നൽകി. വിവിധ നീർത്തട സമിതികളിൽ നിന്നും 26 കർഷകർ യോഗത്തിൽ പങ്കെടുത്തു. വരുന്ന രണ്ട് വർഷങ്ങളിൽ മികച്ച പ്രവർത്തനം കാഴ്ച്ചവെയ്ക്കുന്ന സമിതികൾക്ക് പ്രതിവർഷം 4 ലക്ഷം രൂപ തുടർ ഗ്രാന്റായി നബാർഡ് അനുവദിച്ചിട്ടുണ്ട്.



ഡി.ഡി.എം ശ്രീ. രമേശ് വേണുഗോപാൽ സംസാരിക്കുന്നു

## മണ്ണ്-ജല സംരക്ഷണം: പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു

പെരിന്തൽമണ്ണ മുനിസിപ്പാലിറ്റിയിലെ 20 കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് മണ്ണ്-ജല സംരക്ഷണവുമായി ബന്ധപ്പെട്ട് പരിശീലന പരിപാടി ഐ.ആർ.ടി.സി സെമിനാർ ഹാളിൽ വെച്ച് നടന്നു. കേരള കാർഷികവികസന-കർഷകക്ഷേമ വകുപ്പിന്റെയും പ്രധാനമന്ത്രികൃഷി സിഞ്ചായി യോജന(PMKSY)യുടെയും സഹായത്തോടെ പെരിന്തൽമണ്ണ കൃഷിഭവന്റെ നേതൃത്വത്തിലാണ് കർഷകർ കാമ്പസിലെത്തിയത്. ഐ.ആർ.ടി.സി വിദഗ്ധരായ ഐ.എ.ചാക്കോ, ആർ.സതീഷ് എന്നിവർ ക്ലാസ് നയിച്ചു.



ഐ.എ.ചാക്കോ കർഷകർക്ക് ക്ലാസെടുക്കുന്നു

## ചെറുകിട ജലവൈദ്യുത പദ്ധതി: ശിൽപശാല

ചെറുകിട ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട് ആവശ്യമായ സാങ്കേതിക സഹായങ്ങളും അതിന്റെ നിയമപരവും സാമൂഹികവുമായ പ്രത്യേകതകളും ചർച്ച ചെയ്യുന്നതായിരുന്നു ശിൽപശാല. ജനുവരി 5, 6 തിയ്യതികളിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് സെന്ററിൽ വെച്ച് നടന്നു. ഐ.ആർ.ടി.സി പ്രതിനിധികളായ ഇ.രാധാഗോപി, ഇന്ദ്രജിത്ത് എന്നിവർ മൂന്നു ദിവസത്തെ ശിൽപശാലയിൽ പങ്കെടുത്തു.

## അന്താരാഷ്ട്ര ശിൽപശാല : മാലിന്യത്തിൽ നിന്നും ഊർജം

കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും നെതർലാന്റിലെ സാങ്കേതിക സർവകലാശാലയായ DELFT Universtiy യും ചേർന്നാണ് Fuel cell, biogas energy എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട് ശിൽപശാല സംഘടിപ്പിച്ചത്. ശിൽപശാലയുടെ ആദ്യ ദിനം കോഴിക്കോട് കാമ്പസിലും രണ്ടാം ദിനം കണ്ണൂർ കാമ്പസിലും വെച്ച് നടന്നു. നെതർലന്റ് സർവകലാശാലയിൽ നിന്നുള്ള പ്രൊഫസർമാരും ശാസ്ത്രജ്ഞരും ക്ലാസുകൾക്ക് നേതൃത്വം നൽകി. ഐ.ആർ.ടി.സി പ്രതിനിധികളായ ഇന്ദ്രജിത്, രാഹുൽ എന്നിവർ ശിൽപശാലയിൽ പങ്കെടുത്തു.

## സമത ഉൽപന്നങ്ങൾ ഇനി വീടുകളിൽ നേരിട്ടും!

പരിഷത്ത് പ്രൊഡക്ഷൻ സെന്ററിന്റെ സമത ഉൽപന്നങ്ങൾ നേരിട്ട് വീടുകളിലേക്ക് എത്തിക്കുന്ന 'സമത ടു യുവർ ഹോം' (SAMATA to your home) പദ്ധതി ജനുവരി 24 ന് തുടങ്ങി. തപാൽവകുപ്പുമായി സഹകരിച്ചാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പൂർണ്ണമായും വെളിച്ചെണ്ണ ഉപയോഗിച്ച് കൈകൊണ്ട് നിർമിച്ച സോപ്പടക്കമുള്ള 18 ഉൽപന്നങ്ങളാണ് സമത കിറ്റായി വീടുകളിലെത്തിക്കുന്നത്. തപാൽച്ചെലവിനായി അധിക തുകയൊന്നും ഈടാക്കാതെയാണ് ഈ സേവനം ലഭ്യമാക്കുന്നത്.

ഹെഡ് പോസ്റ്റാഫീസിലെ കെ.അനിൽ, സമത എക്സിക്യുട്ടീവ് ഡയറക്ടർ വി.ജി.ഗോപിനാഥനിൽ നിന്ന് ആദ്യ പാർസൽ ഏറ്റുവാങ്ങി. ഐ.ആർ.ടി.സി ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻ അദ്ധ്യക്ഷനായി. പാലക്കാട് പോസ്റ്റോഫീസസ് അസി. സൂപ്രണ്ട് മനോജ്, മാർക്കറ്റിംഗ് എക്സിക്യുട്ടീവ് ഗംഗമോഹൻ, പി.ആർ.ഒ പാർഥസാരഥി, ഐ.ആർ.ടി.സി രജിസ്ട്രാർ പി.കെ. നാരായണൻ എന്നിവർ സംസാരിച്ചു.

സമത




സമതയുടെ
പ്രീമിയം സോപ്പ്

## സമൃദ്ധി ശിൽപശാല 2017

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിലുൾപ്പെട്ട തൊഴിലാളികൾക്കായുള്ള ശിൽപശാല ജനുവരി 27 ന് ഐ.ആർ.ടി.സി ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. എൻ.ആർ.ഇ.ജി.എസ് സ്റ്റാഫ് യൂണിയൻ (സി.ഐ.ടി.യു) പാലക്കാട് ജില്ലാഘടകം ആണ് ശിൽപശാല സംഘടിപ്പിച്ചത്. നെന്മാറ എം.എൽ.എ കെ.ബാബു ഉദ്ഘാടനം ചെയ്തു. ഇന്ത്യയിലെ ദാരിദ്ര്യനിർമാർജ്ജനത്തിന് വലിയതോതിൽ കരുത്തായ തൊഴിലുറപ്പു പദ്ധതി ഇന്ന് അതീവ ഗുരുതരമായ നിലയിലാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ആവശ്യത്തിന് ഫണ്ട് പോലും അനുവദിക്കാതെ കേന്ദ്രസർക്കാർ തൊഴിലാളികളെ ക്ഷീണത്തിലാക്കുന്നു. ഇതുമൂലം പദ്ധതി പ്രവർത്തനങ്ങൾ അവതാളത്തിലാകുകയും ജനതയുടെ അടിസ്ഥാന വികസനം നടക്കാതെ പോകുകയും ചെയ്യുന്നുവെന്നും അദ്ദേഹം പറഞ്ഞു.

പദ്ധതിയുടെ സംസ്ഥാന കൗൺസിൽ അംഗങ്ങളായ ഡോ.എൻ.കെ.ശശിധരൻ, അനൂപ് കിഷോർ, ജില്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ അബ്ദുൽ സലീം എന്നിവർ വ്യത്യസ്ത സെഷനുകളിൽ ക്ലാസുകളെടുത്തു. സംസ്ഥാനത്തെ തൊഴിലുറപ്പു പദ്ധതി ജീവനക്കാരുടെയും തൊഴിലാളികളുടെയും യൂണിയൻ പ്രതിനിധികളും ഉൾപ്പെടെ 70 പേർ ശിൽപശാലയിൽ പങ്കെടുത്തു.



കെ.ബാബു എം.എൽ.എ
ഉദ്ഘാടനം ചെയ്യുന്നു

## അന്താരാഷ്ട്ര പയറുവർഷാചരണം 2016


ഡോ.ഷീല കാറളം സംസാരിക്കുന്നു

ഡിസംബർ 29 ന് അന്താരാഷ്ട്ര പയറുവർഷം-2016 ആചരിച്ചു. ഐ.ആർ.ടി.സി സെമിനാർ ഹാളിൽ വെച്ചു നടന്ന പരിപാടി ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻ ഉദ്ഘാടനം ചെയ്തു. Indian Systems of Medicine തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസറായ ഡോ.ഷീല കാറളം മുഖ്യപ്രഭാഷണം നടത്തി. പയറു വർഗങ്ങളുടെ പോഷകസമ്പന്നതയെപ്പറ്റിയും അനുബന്ധമായി ആരോഗ്യപരിചരണത്തെപ്പറ്റിയും അവർ വിശദീകരിച്ചു. മുൻപ് ധാരാളമായി ലഭിച്ചിരുന്ന നാടൻ പയറുവർഗ്ഗങ്ങളെ നിരസിച്ച തും ഫാസ്റ്റ് ഫുഡ് സംസ്കാരത്തെ പിൻപറ്റിയതും മലയാളികളെ മാരകമായ ജീവിതശൈലീരോഗങ്ങൾക്ക് അടിമകളാക്കിയെന്ന് അവർ അഭിപ്രായപ്പെട്ടു. ചടങ്ങിൽ ഐ.എ.ചാക്കോ സ്വാഗതം പറഞ്ഞു. പ്രൊഫ.ബി.എം.മുസ്തഫ അദ്ധ്യക്ഷത വഹിച്ചു. ഡോ.കെ.കെ.സീതാലക്ഷ്മി, ആർ.സതീഷ് എന്നിവർ സംസാരിച്ചു. രജിസ്ട്രാർ പി.കെ. നാരായണൻ നന്ദി പ്രകാശിപ്പിച്ചു.

തുടർന്ന് അന്താരാഷ്ട്ര പയറു വർഷാചരണത്തിന്റെ ഭാഗമായി മൂന്ന് സ്കൂളുകളിലെ വിദ്യാർഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ക്വിസ് മത്സരം സംഘടിപ്പിച്ചു. വിജയികൾക്ക് സർട്ടിഫിക്കറ്റ് വിതരണവും സമ്മാനദാനവും നിർവഹിച്ചു. 68-ാമത്തെ യു.എൻ ജനറൽ അസംബ്ലിയിലാണ് 2016 അന്താരാഷ്ട്ര പയറുവർഗ വർഷമായി ആചരിക്കാൻ തീരുമാനിച്ചത്. The Food and Agriculture Organisation (FAO) of UN ആണ് ഇതിനായി നാമനിർദേശം നൽകിയത്. *Grow pulses to have normal pulses for environment* എന്നായിരുന്നു ഇപ്രാവശ്യത്തെ മുദ്രാവാക്യം. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ പിന്തുണയോടെയാണ് ഐ.ആർ.ടി.സി പരിപാടി സംഘടിപ്പിച്ചത്.

## ദേശീയ ശാസ്ത്രദിനാചരണം

ദേശീയ ശാസ്ത്രദിനത്തോടനുബന്ധിച്ച് ഭിന്നശേഷി സൗഹൃദ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്ന രണ്ടു ദിവസത്തെ ശിൽപശാല ഫെബ്രുവരി 27, 28 തിയ്യതികളിൽ സംഘടിപ്പിച്ചു. *ഭിന്നശേഷി സൗഹൃദ സാങ്കേതികവിദ്യകൾ* എന്നതായിരുന്നു ഇക്കൊല്ലത്തെ ദേശീയ ശാസ്ത്രദിനത്തിലെ മുദ്രാവാക്യം. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെയാണ് ഐ.ആർ.ടി.സിയും കരിങ്ങുരപ്പുള്ളിയിൽ പ്രവർത്തിക്കുന്ന ആശ്വാസ് ഭവനും സംയുക്തമായി ഭിന്നശേഷിക്കാരായ കുട്ടികൾക്കു വേണ്ടിയുള്ള ശിൽപശാല സംഘടിപ്പിച്ചത്. 27 ന് രാവിലെ ആരംഭിച്ച പരിപാടിയിൽ പ്രൊഫ.ബി.എം.മുസ്തഫ ആമുഖ പ്രഭാഷണം നടത്തി. പാലക്കാട് അസിസ്റ്റന്റ് കളക്ടർ ശ്രീ. എൻ.എസ്.കെ.ഹിമേഷ് ഐ.എ.എസ് പരിപാടി ഉദ്ഘാടനം ചെയ്തു. ശ്രീമതി. റീന സുധാകർ, ശ്രീമതി. ജ്യോതി, ശ്രീ. എ.കെ.കെ മേനോൻ എന്നിവർ ആശംസ നേർന്നു. തുടർന്ന് ഇലക്ട്രിക്ക് പോട്ടറി വീൽ ഉപയോഗിച്ചുള്ള കളിമൺ പാത്ര നിർമാണ പരിശീലനത്തിന് പോട്ടറി പരിശീലകനായ ഗോപകുമാർ നേതൃത്വം നൽകി. കൂടാതെ കളിമൺ ആഭരണങ്ങൾ, ഡെക്കോപാഷ് എന്നിവയുടെ നിർമാണ പരിശീലനത്തിനും ക്ലാസിനും രമ, പുഷ്പ, യശോദ, സുബേഷ് എന്നിവർ നേതൃത്വം നൽകി. രണ്ടാംദിനത്തിൽ ഭിന്നശേഷിക്കാർക്കുള്ള ക്രാഫ്റ്റ് വർക്കിനെ കുറിച്ചുള്ള ക്ലാസും പ്രായോഗിക പരിശീലനവും കെ.ബാലസുബ്രഹ്മണ്യൻ നിർവഹിച്ചു. 28ന് വൈകീട്ട് 4 മണിക്ക് പരിപാടി അവസാനിച്ചു.

## ലോക തണ്ണീർത്തട ദിനം 2017

World Wetlands Day
2 February 2017
Wetlands for Disaster Risk Reduction

ലോക തണ്ണീർത്തട ദിനം ഫെബ്രുവരി 22 ന് പാലക്കാട് ചുള്ളിമട വി.വി കോളേജിൽ വെച്ച് സംഘടിപ്പിച്ചു. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സഹായത്തോടെയാണ് ഐ.ആർ.ടി.സി പരിപാടി സംഘടിപ്പിച്ചത്. കോളേജിലെ ജ്യോഗ്രഫി വിഭാഗത്തിലെയും നാഷണൽ സർവീസ് സ്കീമിലെയും വിദ്യാർഥികളുമാണ് പങ്കെടുത്തത്. കോളേജ് പ്രിൻസിപ്പാൾ ശ്രീ. കലാധരൻ ഉണ്ണി ഉദ്ഘാടനം ചെയ്തു. ഐ.ആർ.ടി.സി റിസർച്ച് കോർഡിനേറ്റർ പ്രൊഫ.ബി.എം.മുസ്തഫ അദ്ധ്യക്ഷത വഹിച്ചു. തുടർന്ന് രണ്ട് അവതരണങ്ങൾ നടന്നു.



ശ്രീ. കലാധരൻ ഉണ്ണി
ഉദ്ഘാടനം ചെയ്യുന്നു

നീർത്തടങ്ങളെയും നീർത്തടാധിഷ്ഠിത വികസനത്തിന്റെ അനിവാര്യതയെയും കുറിച്ച് ഐ.ആർ.ടി.സി സീനിയർ ഫെല്ലോ ആർ.സതീഷ് അവതരണവും വിദ്യാർഥികളുമായി സംവാദവും നടത്തി. തണ്ണീർത്തട സംരക്ഷണത്തിനും നീർത്തടാധിഷ്ഠിത വികസനത്തിനും വിഭവ ഭൂപടനിർമ്മാണത്തിന്റെ സാധ്യത വിവരിച്ചുകൊണ്ട് ഐ.ആർ.ടി.സി GIS അനലിസ്റ്റ് എം.രാജൻ അവതരണം നടത്തി. 60 വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു.


ആർ.സതീഷ് ക്ലാസ് നയിക്കുന്നു



എം.രാജൻ ക്ലാസ് നയിക്കുന്നു

## മൺപാത്രനിർമാണത്തൊഴിലാളികൾക്ക് നൈപുണ്യവികസന പരിശീലനം

മൺപാത്ര കരകൗശലവിദ്യയെ മെച്ചപ്പെടുത്താൻ CSIR ലബോറട്ടറി ഏറ്റെടുത്തു നടത്തുന്ന പരിശീലന പരിപാടിയ്ക്കായി ഐ.ആർ.ടി.സി നേതൃത്വത്തിൽ കേരളത്തിൽ നിന്ന് 11 അംഗ സംഘം ഗുജറാത്തിലെ നരോദയിലേക്ക് പുറപ്പെട്ടു. മാർച്ച് 23 നാണ് 12 ദിവസത്തെ പരിശീലന പരിപാടി ആരംഭിക്കുന്നത്. ടെറാക്കോട്ട ഉൽപന്നങ്ങളുടെ നിർമാണവുമായി ബന്ധപ്പെട്ടാണ് പരിശീലനം നടക്കുന്നത്. അസംസ്കൃത വസ്തുക്കളുടെ ഗുണനിലവാരം, ജിഗ്ഗർ ജോളി, പ്ലാസ്റ്റിക് പ്രസ്സിംഗ്, പ്ലാസ്റ്റർ ഓഫ് പാരിസ് മോൾഡ് നിർമാണം, മൺപാത്രം ചുട്ടെടുക്കുന്ന രീതികൾ, ഗ്ലെയ്സിംഗ് തുടങ്ങിയ മേഖലകളിലാണ് പരിശീലനം നടത്തുന്നത്.

## സോഷ്യൽ റെസ്‌പോൺസിബിലിറ്റി ക്യാമ്പ്


പ്രൊഫ. ബി.എം.മുസ്തഫ വിദ്യാർഥികൾക്ക് നിർദേശം നൽകുന്നു

ഉന്നതവിദ്യാഭ്യാസ രംഗത്തെ വിദ്യാർഥികൾക്കിടയിൽ സാമൂഹ്യ ഉത്തരവാദിത്തബോധവും കാഴ്ച്ചപ്പാടും രൂപീകരിക്കാനായി ഐ.ആർ.ടി.സിയിൽ പത്ത് ദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചു. തിരുവനന്തപുരം ബാർട്ടൺഹിൽ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ 15 ട്രാൻസിഷണൽ എഞ്ചിനീയറിംഗ് വിദ്യാർഥികളാണ് ക്യാമ്പിൽ പങ്കെടുത്തത്. 2016 ഡിസംബർ 27 ന് ആരംഭിച്ച് 2017 ജനുവരി 5 നാണ് സമാപിച്ചത്. ഐ.ആർ.ടി.സിയുടെ തുടക്കവും വളർച്ചയും അതിൽ ജനകീയ ശാസ്ത്രപ്രസ്ഥാനത്തിന്റെ വിലപ്പെട്ട സംഭാവനയും സൂചിപ്പിച്ചുകൊണ്ട് ഡയറക്ടർ ഡോ.എൻ.കെ.ശശിധരൻ ആമുഖ ക്ലാസ് നയിച്ചു. റിസർച്ച് കോർഡിനേറ്റർ പ്രൊഫ.ബി.എം.മുസ്തഫ തുടർന്നുള്ള ദിവസങ്ങളിലെ പഠനപ്രവർത്തനങ്ങളെ ഏകോപിപ്പിച്ചു. ഐ.ആർ.ടി.സി എഞ്ചിനീയറായ ആർ.രംഗസ്വാമി പത്തു ദിവസത്തെ ക്യാമ്പ് കോർഡിനേറ്റ് ചെയ്തു. വ്യത്യസ്ത സെഷനുകളിലായി ആർ.സതീഷ്, ഐ.എ.ചാക്കോ എന്നിവർ ക്ലാസുകൾ നയിച്ചു. സാങ്കേതികവിദ്യകളെ എപ്രകാരം സാധാരണ ജനങ്ങൾക്ക് ഉപകാരപ്രദമാക്കാമെന്നും, ഇക്കാര്യത്തിൽ ഐ.ആർ.ടി.സിയുടെ സംഭാവനയും മാതൃകയും എന്തെല്ലാമെന്നും ചർച്ച ചെയ്തു. ഐ.ആർ.ടി.സി ഏറ്റെടുത്ത് വികസിപ്പിച്ച വിവിധ സാങ്കേതികവിദ്യകളെ അടുത്തറിയുകയും അവയെ കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യുന്നതിനായുള്ള പഠനപ്രവർത്തനങ്ങളും വിദ്യാർഥികൾ നടത്തുകയുണ്ടായി.

## NBCFDC സംഘം കാമ്പസ് സന്ദർശിച്ചു

ദേശീയ പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ എം.ഡി ശ്രീ. കെ.നാരായണനും സംഘവും കാമ്പസ് സന്ദർശിച്ചു. സാധാരണക്കാർക്ക് അനുഗുണമാകുന്ന തരത്തിലാണ് ഐ.ആർ.ടി.സി ഗവേഷണ പ്രവർത്തനങ്ങളെന്ന് സംഘം വിലയിരുത്തി. കേരളത്തിലെ പിന്നോക്ക വിഭാഗമായ മൺപാത്ര നിർമാണത്തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും കരുത്തേകുന്നതാണ് ഇവിടെ വികസിപ്പിച്ച പോട്ടറി വീലും മൂല്യവർധിത ഉൽപന്നങ്ങളുടെ പ്രചരണവും എന്ന് ശ്രീ. നാരായണൻ പറഞ്ഞു. പ്രധാനമായി മൺപാത്ര നിർമാണ മേഖലയിൽ ഐ.ആർ.ടി.സി നടത്തിയ ഇടപെടലുകളെപ്പറ്റി മനസിലാക്കാനും പോട്ടറി കോളനികളെ ഏതൊക്കെതരത്തിൽ സ്ഥാപനത്തിന് സഹായിക്കാനായി എന്നൊക്കെ നിരീക്ഷിക്കാനുമാണ് സംഘമെത്തിയത്. തുടർന്ന് ഐ.ആർ.ടി.സി ഡയറക്ടർ, രജിസ്ട്രാർ, വിവിധ ഡിവിഷൻ ഹെഡ് എന്നിവരുമായി സംഘം കൂടിക്കാഴ്ച്ച നടത്തി. പോട്ടറി രംഗത്തെ ഐ.ആർ.ടി.സി ഇടപെടലുകളെക്കുറിച്ച് ഡോ. എം.ലളിതാംബിക അവതരണം നടത്തി. സന്ദർശനത്തിന്റെയും ചർച്ചകളുടെയും ഫലമായി മാർച്ച് 27 മുതൽ ഏപ്രിൽ 5 വരെ നീണ്ടുനിൽക്കുന്ന 8 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കാൻ തീരുമാനിച്ചു. പോട്ടറി വീൽ, പഗ്മിൽ എന്നിവയുടെ പ്രവർത്തനത്തെ പ്പറ്റിയും, ഡെക്കോപാഷ്, ആഭരണനിർമാണം എന്നിവയെപ്പറ്റിയുമാണ് പരിശീലനം നടത്താനുദ്ദേശിച്ചിട്ടുള്ളത്.

## ഗ്രാമീണ ഗവേഷക സംഗമം

ശാസ്ത്രസാങ്കേതിക രംഗത്തെ പ്രതിഭകളെ കണ്ടെത്താനായി കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ വർഷംതോറും സംഘടിപ്പിച്ചു വരുന്ന ഗ്രാമീണ ഗവേഷക സംഗമം-2017 (Rural Innovators' Meet-RIM) മാർച്ച് 15 മുതൽ 17 വരെ തിരുവനന്തപുരം മിത്ര നികേതനിൽ വെച്ച് നടന്നു. അക്കാദമിക പിൻബലം പോലുമില്ലാതെ നടക്കുന്ന ശാസ്ത്രസാങ്കേതിക രംഗത്തെ സ്വതന്ത്ര ഗവേഷണങ്ങളെയും മികച്ച സംഭാവനകളെയും പ്രോത്സാഹിപ്പിക്കാൻ ഈ സംഗമത്തിലൂടെ സാധിക്കാറുണ്ട്. മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവായ ഡോ.എം.സി ദത്തൻ സംഗമം ഉദ്ഘാടനം ചെയ്തു. കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ഡോ.സുരേഷ്ദാസ് അദ്ധ്യക്ഷത വഹിച്ചു. ഡോ.ആർ.വി.ജി മേനോൻ മുഖ്യപ്രഭാഷണം നടത്തി. ഗ്രാമീണ ഗവേഷക സംഗമം 2017 ന്റെ ഉപദേശകസമിതി ചെയർമാനാണ് അദ്ദേഹം. മെമ്പർ സെക്രട്ടറി ഡോ.എസ് പ്രദീപ് സ്വാഗതവും മിത്രാനികേതൻ ജോയിന്റ് ഡയറക്ടർ ഡോ.രഘുരാമദാസ് നന്ദിയും പറഞ്ഞു.

സംഗമത്തിൽ ഐ.ആർ.ടി.സി വികസിപ്പിച്ച മഴവെള്ള ഫിൽറ്റർ യൂണിറ്റിനെക്കുറിച്ചുള്ള അവതരണം ആർ.രംഗസ്വാമി നടത്തി. സംഗമത്തിനോടു ചേർന്നു നടന്ന എക്സിബിഷനിൽ ഡോ.ലളിതാംബികയുടെ നേതൃത്വത്തിൽ ഐ.ആർ.ടി.സി ഉൽപന്നങ്ങൾ പ്രദർശിപ്പിച്ചു. ഉൽപന്നങ്ങൾ വാങ്ങാനും പരിചയപ്പെടാനുമായി നിരവധി പേർ സ്റ്റാൾ സന്ദർശിച്ചു. സ്റ്റാളിലെ സേവനം ഹിത, രമ, ഭാഗീരഥി, യശോദ, രാധാമണി എന്നിവർ ചേർന്ന് നിർവഹിച്ചു.

## കേരള ശാസ്ത്ര കോൺഗ്രസ്

29 -ാം ശാസ്ത്ര കോൺഗ്രസ് ജനുവരി 28 മുതൽ 30 വരെ തിരുവല്ല മാർത്തോമ കോളേജിൽ വെച്ചു നടന്നു. കേരള മുഖ്യമന്ത്രി പിണറായി വിജയൻ ശാസ്ത്ര കോൺഗ്രസ് ഉദ്ഘാടനം ചെയ്തു. മൂന്നു ദിവസം നടന്ന പരിപാടിയിൽ നിരവധി സ്റ്റാളുകളിൽ പ്രദർശനം നടന്നു. ഐ.ആർ.ടി.സി ഉൽപന്നങ്ങളും സ്റ്റാളിൽ പ്രദർശിപ്പിച്ചിരുന്നു. ഡോ.എം.ലളിതാംബിക, സൂര്യ, രംഗസ്വാമി, രാഹുൽ, സുബേഷ് എന്നിവർ ഐ.ആർ.ടി.സി ഉൽപന്നങ്ങളുടെ സ്റ്റാളിന്റെ പ്രദർശനത്തിന് നേതൃത്വം നൽകി.

## സുസ്ഥിരവികസനം: പഠനക്യാമ്പ് സംഘടിപ്പിച്ചു

സുസ്ഥിരവികസനത്തെ ലക്ഷ്യമാക്കിക്കൊണ്ട് സി.പി.എമ്മിന്റെ മുണ്ടൂർ-പാലക്കാട് ഏരിയാ കമ്മറ്റികൾ സംയുക്തമായി സംഘടിപ്പിച്ച പഠനക്യാമ്പ് ഡിസംബർ 19 ന് ഐ.ആർ.ടി.സി ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. നീർത്തടാധിഷ്ഠിത വികസനം, മാലിന്യ പരിപാലനം എന്നീ വിഷയങ്ങളെ കേന്ദ്രീകരിച്ച് വ്യത്യസ്ത ക്ലാസ്സുകൾ നടന്നു. നീർത്തട സംരക്ഷണത്തിന്റെ പ്രാധാന്യത്തെ കുറിച്ചും നീർത്തടാധിഷ്ഠിത വികസനത്തിന്റെ പ്രായോഗികതയെ കുറിച്ചും ഐ.ആർ.ടി.സി സീനിയർ ഫെല്ലോ ആയ ആർ.സതീഷ് ക്ലാസെടുത്തു. മാലിന്യ പരിപാലനത്തെയും ശുചിത്വത്തെയും കുറിച്ച് ഐ.ആർ.ടി.സി റിസർച്ച് കോർഡിനേറ്റർ പ്രൊഫ.ബി.എം.മുസ്തഫ ക്ലാസെടുത്തു. കൃഷിവികസനവും കർഷകക്ഷേമവും എന്ന വിഷയത്തിൽ അഗ്രോണമിസ്റ്റ് ഐ.എ.ചാക്കോ അവതരണം നടത്തി. തുടർന്ന് ഗ്രൂപ്പു തിരിഞ്ഞുള്ള ചർച്ചയും അവതരണങ്ങളും നടന്നു. 150 പേർ പരിപാടിയിൽ പങ്കെടുത്തു.

**Trainings available @IRTC**

| | | |
|---|---|---|
| *Mushroom cultivation* | *Watershed Development Plan* | *Training on Peoples' Planning at Panchayath Level* |
| *Biogas plant management* | *Panchayath Resource Mapping* | *Soap making* |
| *Making of terracotta products* | *Awareness Creation on women's-health and Women Empowerment* | |

## GIS പരിശീലനം

വിഭവഭൂപട നിർമാണത്തിനായി സ്വതന്ത്ര സോഫ്റ്റ്‌വെയറുപയോഗിച്ചുള്ള GIS (Geographic Information System) പരിശീലന പരിപാടി രണ്ട് ബാച്ചുകളായി നടന്നു. IRTC GIS Lab-ലാണ് പരിശീലനം നടത്തിയത്. 2016 ഡിസംബർ 20 മുതൽ 23 വരെ വരെ നടന്ന പരിശീലനത്തിൽ കേരള കേന്ദ്രസർവകലാശാല, CDS തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്നെത്തിയ രണ്ട് ഗവേഷകരാണ് പങ്കെടുത്തത്. 2017 ജനുവരി 12 മുതൽ 16 വരെ നടന്ന പരിശീലനത്തിൽ ഐ.ഇ.എസ് എഞ്ചിനീയറിംഗ് കോളേജ്, ചിറ്റിലപ്പിള്ളിയിൽ നിന്നു വന്ന അഞ്ച് വിദ്യാർഥികൾ പങ്കെടുത്തു. IRTC GIS Analyst ആയ എം.രാജൻ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## പരിഷത്ത് യൂണിറ്റ് വാർഷികം

കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ഐ.ആർ.ടി.സി യൂണിറ്റ് വാർഷികം മാർച്ച് 14ന് ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു. ഐ.ആർ.ടി.സി റിസർച്ച് കോർഡിനേറ്റർ പ്രൊഫ.ബി.എം.മുസ്തഫ ഉദ്ഘാടന പ്രഭാഷണം നടത്തി. യൂണിറ്റ് സെക്രട്ടറി ആർ.രംഗസ്വാമി പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മേഖലാ കമ്മിറ്റിയംഗം റെജിമോൻ സംഘടനാരേഖ അവതരിപ്പിച്ചു. തുടർന്ന് യൂണിറ്റിന്റെ മുന്നോട്ടുപോക്കിനെ സംബന്ധിച്ച് വിശദമായ ചർച്ച നടന്നു. പുതിയ ഭാരവാഹികളായി വി.സി ശെൽവരാജ് (പ്രസിഡന്റ്), ദിവ്യ (വൈസ് പ്രസിഡന്റ്), രംഗസ്വാമി (സെക്രട്ടറി), രമ (ജോ. സെക്രട്ടറി), മുരളീദാസ് (എക്സി. അംഗം) എന്നിവരെ തെരഞ്ഞെടുത്തു.

## ന്യൂസ്‌ലെറ്റർ പ്രകാശനം

ഐ.ആർ.ടി.സി ന്യൂസ്‌ലെറ്ററിന്റെ പ്രകാശനം ഡിസംബർ 18 ന് തൃശൂർ പരിസരകേന്ദ്രത്തിൽ വച്ച് നടന്നു. കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ മുതിർന്ന പ്രവർത്തകനും രാജ്യസഭാ എം.പിയുമായ സി.പി.നാരായണൻ പരിഷത്ത് കണ്ണൂർ ജില്ലാ ജോയിന്റ് സെക്രട്ടറിയായ ബേബി ലതയ്ക്ക് നൽകിക്കൊണ്ടാണ് പ്രകാശനം നിർവഹിച്ചത്. പരിഷത്തിന്റെ സംസ്ഥാന പ്രവർത്തകയോഗത്തിൽ ആയിരുന്നു ചടങ്ങ് നടന്നത്.




ഐ.ആർ.ടി.സി ന്യൂസ്‌ലെറ്റർ
സി.പി.നാരായണൻ എം.പി പ്രകാശനം ചെയ്യുന്നു

### @IRTC

- Implementation of DST - funded projects
- Post-Harvest Technologies
- Medicinal Plant Nursery
- Grey Water Treatment Plant (ABR)
- Pipe, Vermi & Windrow Composting
- Chemical and Environmental Laboratory
- Microbiology Laboratory
- Spawn Development Laboratory
- Weather Station
- Portable Domestic Biogas Plants
- Fixed Dome Biogas Plants
- Biomass Gasification
- Latrine-linked Biogas Plant
- Agriculture and Allied Activities
- Rainwater Harvesting
- Education Research
- Laboratories certified by State Pollution Control Board